(ബി) ആകെ 3,69,72,000 രൂപ വായ്പ നൽകിയിട്ടുണ്ട്.

(സി) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലിൽ അഡ്ജസ്റ്റ് ചെയ്താണ് വായ്പ ഈടാക്കുന്നത്. അഡ്ജസ്റ്റ് ചെയ്തശേഷം ബാക്കിവരുന്ന തുക മൊത്തമായി തിരിച്ചടക്കണമെന്നാണ് വ്യവസ്ഥ.

(ഡി) സർക്കാർ ജീവനക്കാരുടെയും അവരുടെ ആശ്രിതരുടെയും ചികിത്സയ്ക്ക് വായ്പ അനുവദിക്കുന്നുണ്ട്.

ബാറ്ററി വാങ്ങിയതിലെ ക്രമക്കേട്

28 (T 2741) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ വാഹനങ്ങളിൽ ഉപയോഗിക്കുന്നതിനുവേണ്ടി അടുത്ത കാലത്ത് ബാറ്ററി വാങ്ങിയതിലെ അപാകതകളെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കുകയുണ്ടായോ ;

(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായോ ;

(സി) ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ വിഷയം സംബന്ധിച്ച് ഒരു കേസ് ലോകായുക്തയിൽ നിലനില്ക്കുന്നുണ്ട്.

കാർഷികാദായ വില്പന നികുതി ട്രൈബ്യൂണലിലെ ഒഴിവുകൾ

29 (2742) ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാദായ വില്പന നികുതി വകുപ്പിൽ അപ്പ്ലേറ്റ് ട്രൈബ്യൂണലിൽ മെമ്പർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ അതിൽനിന്നും എത്ര പേരെ ഇതുവരെ നിയമിച്ചിട്ടുണ്ട് ;

(സി) ഇപ്പോൾ എത്ര ഒഴിവുകൾ ഈ തസ്തികയിൽ ഉണ്ട് ;

(ഡി) താൽക്കാലിക ജീവനക്കാർ ആരെങ്കിലും ഈ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോ ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മൂന്നാം റാങ്കുകാരനായ ജോയ് തോമസിന് താൽക്കാലിക ജീവനക്കാർ ജോലിയിലുള്ളതുകൊണ്ട് നിയമനം ലഭിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്). പി.എസ്.സി. റാങ്ക് നിലവിലിരിക്കെ താൽക്കാലിക ജീവനക്കാർക്ക് നിയമനം നൽകിയവർക്കെതിരായി സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്നു പേരെ

(സി) നാല് ഒഴിവുണ്ട്. ഈ ഒഴിവുകളിൽ ജുഡീഷ്യൽ മെമ്പർമാരെ നിയമിക്കുവാനുള്ള നടപടി നടന്നുവരുന്നു.

(ഡി& ഇ) ഇല്ല.

(എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടില്ല. ആയതിനാൽ നടപടി എടുക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

കർഷകത്തൊഴിലാളി യൂണിയന് വാഗ്ദാനം ചെയ്ത തുക

30 (2743) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കർഷകത്തൊഴിലാളി ക്ഷേമനിധിയിലേക്ക് നൽകാമെന്ന് പറഞ്ഞിരുന്ന തുക ഇതുവരെയായി നൽകിയിട്ടില്ലായെന്ന് ഏതെങ്കിലും കർഷകത്തൊഴിലാളി യൂണിയനുകൾ പരാതിപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് യൂണിയനാണ് ഈ പരാതി തന്നിരിക്കുന്നത് ;

(സി) എത്ര കോടി രൂപയാണ് നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്നത് ;

(ഡി) പ്രസ്തുത യൂണിയൻ ഉന്നയിച്ചിരിക്കുന്ന മറ്റ് ആവശ്യങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ടി വിഷയം സംബന്ധിച്ച് ഈ വകുപ്പിൽ പരാതിയൊന്നും കിട്ടിയിട്ടില്ല.

(ബി) പരാതി കിട്ടിയിട്ടില്ല.

(സി) ബഡ്ജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ ഫണ്ടിന്റെ ഇനിഷ്യൽ കോർപ്പസായി നൽകുമെന്ന് അറിയിച്ചിരുന്നു.

(ഡി) ഈ വകുപ്പിൽ ഇതുവരെ പരാതിയൊന്നും ലഭിച്ചതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly